STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.409/PR/SPMC/PHQ/2026 Date: 10.09.2026

## പത്രക്കുറിപ്പ്

## 47-ാമത് കേരള പൊലീസ് അത്‌ലറ്റിക്സ് & ഗെയിംസ് മീറ്റ് ട്രാക്കിൽ തീപ്പാറുന്ന പോരാട്ടം: അവസാന ദിനത്തിൽ മിന്നും പ്രകടനവുമായി താരങ്ങൾ

### 'ട്രാക്കിൽ ചരിത്രവേഗം' ട്രിപ്പിൾ ജംമ്പിന്റെ നീണ്ട 39 വർഷത്തെ റെക്കോർഡ് ഭേദിച്ച് ബോബി സാബു

39 വർഷമായി നിലനിന്നിരുന്ന ട്രിപ്പിൾ ജംമ്പ് റെക്കോർഡ് തിരുത്തി കേരള പോലീസ് കെ.എ.പി 5ലെ ഉദ്യോഗസ്ഥൻ ബോബി സാബു.

47-ാമത് കേരള പോലീസ് സംസ്ഥാന അത്‌ലറ്റിക്സിന്റെ അവസാനദിനം രാവിലെ നടന്ന അത്‌ലറ്റിക്സ് മീറ്റിൽ 15.93 മീറ്റർ ചാടിയാണ് 1987ലെ സുഭാഷ് ജോർജിന്റെ 15.27 മീറ്ററെന്ന റെക്കോർഡ് തകർന്നത്.

2019 ബാച്ചിലെ കേരള പോലീസ് ഉദ്യോഗസ്ഥനായ ആലപ്പുഴ സ്വദേശി ബോബി സാബു അടുത്തിടെ പഞ്ചാബിൽ മാർച്ച് 29 മുതൽ ഏപ്രിൽ 3 വരെ നടന്ന ഓൾ ഇന്ത്യ പോലീസ് ഡ്യൂട്ടി മീറ്റിൽ ട്രിപ്പിൾ ജംമ്പിൽ സ്വർണ്ണമെഡലും,സർവകലാശാലാതലത്തിൽ വെള്ളി, വെങ്കല മെഡലുകളും മുമ്പ് നേടിയിട്ടുണ്ട്. ദേശീയതലത്തിൽ പോലീസിന്റെ

കായിക മികവ് അടയാളപ്പെടുത്തിയ ആ നേട്ടത്തിന് പിന്നാലെയാണ് കേരളത്തിന്റെ മണ്ണിൽ പുതിയ സംസ്ഥാന റെക്കോർഡും അദ്ദേഹം സ്വന്തമാക്കിയത്.

മത്സരത്തിന് തൊട്ടുമുമ്പ് വേദിയിലെത്തിയ മുൻ കേരള പോലീസ് ഡിജിപി ഋഷിരാജ് സിംഗ് റെക്കോർഡ് ബ്രേക്ക് ചെയ്യുന്നവർക്ക് വാഗ്ദാനം ചെയ്ത സമ്മാനമായ 1000 രൂപാ തനിക്ക് സ്വന്തമാക്കാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ടെന്നും അതൊരു അംഗീകരമായി കാണുന്നുവെന്നും ബോബി സാബു കൂട്ടിച്ചേർത്തു.

## രണ്ടാം തവണയും സ്വർണം നേടി ശ്വേതാ എൻ. എം

തളരാത്ത പോരാട്ടവീര്യവുമായി 10,000 മീറ്റർ കീഴടക്കി കേരള ആംഡ് വുമൺ പോലീസ് ബറ്റാലിനിലെ ശ്വേതാ എൻ എം.

47 -ാംമത് കേരള പോലീസ് അറ്റലിറ്റിക് & ഗെയിംസ് മീറ്റിന്റെ അവസാന ദിനത്തിൽ നടന്ന മത്സരത്തിലാണ് ശ്വേത തന്റെ രണ്ടാം സ്വർണ്ണം ഉറപ്പിച്ചത്.

തലസ്ഥാനത്തെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ആദ്യദിനം നടന്ന 5,000 മീറ്റർ, വനിതകളുടെ ആദ്യ മത്സരത്തിലും ശ്വേതാ സ്വർണം നേടിയിരുന്നു.

കേരള ആംഡ് വുമൺ പോലീസ് ബറ്റാലിയനൂവേണ്ടി യു. നസിലിയും ഇടുക്കി പോലീസിന് വേണ്ടി സംഗീതയും രണ്ടും മൂന്നും സ്ഥാനം വീതം കരസ്ഥമാക്കി.

## കാലം കാത്തുവച്ച സ്വർണ്ണ തിളക്കത്തിൽ ഷിബിൽ അഹമ്മദ്

5000, 10,000 മീറ്ററിൽ ഷിബിൽ അഹമ്മദിന് ഇരട്ട സ്വർണ്ണം!

പോലീസ് കായികമേളയുടെ സമാപന ദിനത്തിൽ പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ സ്വർണം നേടി സ്പെഷ്യൽ ഓപ്പറേഷൻസ് ഗ്രൂപ്പ് താരം ഷിബിൽ അഹമ്മദ്. ദീർഘദൂര ഇനങ്ങളിൽ മികവ് തെളിയിച്ച ഷിബിൽ, ആദ്യ ദിനത്തിലെ പുരുഷന്മാരുടെ 5,000 മീറ്റർ ഇനത്തിലും സ്വർണം നേടിയിരുന്നു.

ആദ്യമായാണ് കേരള പോലീസ് അത്‌ലറ്റിക് മീറ്റിൽ ഷിബിൽ പങ്കെടുക്കുന്നത്.

പുരുഷന്മാരുടെ 10,000 മീറ്ററിൽ ഐ. ആർ. ബി. എൻ താരം ആദിത് എം. ജി വെള്ളി മെഡലും, എസ്. ഓ. ജി. താരം മനു എസ്, വെങ്കല മെഡലും നേടി.

## ട്രിപ്പിൾ ജംമ്പിൽ വിനിജ വിജയൻ ഒന്നാമത്

തിരുവനന്തപുരം: 47-ാംമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക് ആൻഡ് ഗെയിംസിലെ വാശിയേറിയ വനിതാ ട്രിപ്പിൾ ജമ്പിൽ കെ. എ. പി മൂന്നാം ബറ്റാലിയൻ താരം വിനിജ വിജയൻ 10.07 മീറ്ററിൽ സ്വർണം സ്വന്തമാക്കി.

വേഗത്തിൽ ഓട്ടം ആരംഭിച്ച വിനിജ മൂന്ന് ഘട്ടങ്ങളും കൃത്യമായി പൂർത്തിയാക്കി അവസാന ചാട്ടത്തിൽ മികച്ച ദൂരം കണ്ടെത്തുകയായിരുന്നു.

കേരളാ ആംഡ് വുമൺ പോലീസ് ബെറ്റാലിയൻ അംഗം ഷഹാന വൈ. 7.84 മീറ്ററിൽ രണ്ടാം സ്ഥാനവും, അതേ യൂണിറ്റിലെ അരുണിമ 7.26 മീറ്ററിൽ മൂന്നാം സ്ഥാനവും നേടി. ഇതോടെ

കേരളാ ആംഡ് വുമൺ പോലീസ് ബെറ്റാലിയൻ പോയിന്റ് നില 112 ആയി.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

****************************